ശ്രീ. കെ. കൊച്ചുകുട്ടൻ : എത്രയും വേഗം തീരുമാനം ഉണ്ടാക്കുന്നതായിരിക്കും.

"കനകം" ബോട്ട പകടം.

* ൭൫. [൨൦] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 'കനകം' ബോട്ടപകടത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ നിയുക്തമായിരുന്ന കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്ര കാലമായി;

(ബി) കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ബോട്ടപകടത്തിനു ഉത്തരവാദികളായവരുടെ മേൽ ഗവണ്മെന്റ് എന്തു നടപടികൾ സ്വീകരിച്ചു?

(സി) ക്യനാൽസ് ആൻഡ് ഹൈവേസ് ആക്ട് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു കമ്മിറ്റി സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ ഗവണ്മെന്റ് സ്വീകരിച്ചോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഒരു വർഷം ആകാറായി.

(ബി) നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

(സി) ചില നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട് മറ്റു ചിലവ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ : ബോട്ടുകൾ പരിശോധിക്കുന്നതിനു നിയുക്തനായിരുന്ന ആഫീസർക്ക് എന്തു പരീക്ഷായോഗ്യത വേണമെന്നാണു വ്യവസ്ഥയുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻനായർ : മെക്കാനിക്കൽ ഇൻജിനിയറിംഗ് എന്ന പരീക്ഷായോഗ്യതയുണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : ഇതുകൂടാതെ ബോട്ടുകൾ പരിശോധിക്കുന്നതിനും മറ്റും വേറെ ചില യോഗ്യതകൂടി ഉണ്ടായായിരിക്കണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ട്.

WRITTEN ANWSERS.

രക്തതിസാരം എന്ന സാംക്രമികരോഗം.

* ൭൬. [൨൨] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ രക്തതിസാരം എന്ന സാംക്രമികരോഗം സർവ്വത്ര വ്യാപിച്ചിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ രോഗനിവാരണത്തിനു് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്. പൊതു കിണറുകൾ മുതലായ ജലാശയങ്ങളിൽ ക്ലോറിനേഷൻ നടത്തി ജലം ശുദ്ധിചെയ്യുക, രോഗികൾക്കുവേണ്ട മരുന്നുകൾ വിതരണംചെയ്യുക മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ആൽക്കഹോൾ കലർന്ന മരുന്നുകൾ.

*൭൮. [൨൯] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) മദ്യനിരോധന മേഖലകളിലെ മെഡിക്കൽ ഷാപ്പുകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വിൽപ്പന നടത്തിവരുന്നതായി അറിയാമോ;

(ബി) മദ്യനിരോധന മേഖലകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വില്പന നടത്തുന്നതിനെ നിരോധിക്കാൻ ഉടനടി നടപടി കൈക്കൊള്ളുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ വി. മാധവൻ) :

(എ) മദ്യനിരോധന നിയമമനുസരിച്ചു് നിരോധിക്കപ്പെടാത്ത 'ആൽക്കഹോൾ' കലർന്നിട്ടുള്ള മരുന്നുകൾമാത്രം മരുന്നുഷാപ്പുകളിൽ യഥേഷ്ടം വിൽക്കപ്പെടുന്നതായി അറിയാം.

(ബി) ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ്അലവൻസ്.

*൭൯. [൨൬] ശ്രീ. കടന്നൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

ഈ അദ്ധ്യയനവർഷാരംഭത്തിനുശേഷം പട്ടികജാതി വിദ്യാർത്ഥികളിൽനിന്നും മെസ്സ്അലവൻസ് ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽ ഇതിനകം എന്തെല്ലാം സാധിച്ചുകൊടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകടൻ) :

ഉണ്ടു്, ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ കൂടുതൽ വിദ്യാർത്ഥികൾക്കു് വിദ്യാഭ്യാസസൗജന്യങ്ങൾ അനുവദിച്ചു.

Tuberculosis treatment.

*76. [26] **Shri O. C. Ninan :** Will the Minister for Medicine and Public Health be pleased to state :

(*a*) Has the Government supplied medicines for treating tuberculosis in all hospitals;

LIBRARY ARCHIVES Kerala Legislative Assembly